**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 59** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ തൂഫാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ തൂഫാന്റെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ലഹരിമരുന്നിനും മയക്കുമരുന്ന് മാഫിയകൾക്കും എതിരെ സർക്കാർ ആരംഭിച്ച ഏറ്റവും വലിയ ആന്റി-നാർക്കോട്ടിക്ക് പദ്ധതിയാണ് **ഓപ്പറേഷൻ തൂഫാൻ (Operation Toofan).** പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലായി പ്രത്യേക ടീമുകൾ രൂപീകരിക്കുകയും, പ്രസ്തുത ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന ഉറവിടങ്ങൾ കണ്ടെത്തി തടയുന്നതിനും, വിതരണ ശൃംഖലകളെ തകർക്കുന്നതിനും, ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ സമഗ്ര അന്വേഷണം നടത്തുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് **2,954 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **3,176 പേരെ** അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, COTPA നിയമപ്രകാരം **1,421 കേസുകൾ** കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കേരള പോലീസ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ **2,152- ലധികം ബോധവൽക്കരണ ക്ലാസുകളും 167 കൗൺസിലിംഗ് പരിപാടികളും** സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട 12 പേരെ ഡി-അഡിക്ഷൻ സെന്ററുകളിലേക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി റഫർ ചെയ്തിട്ടുണ്ട്. ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി **9497979794, 9497927797** എന്നീ ഫോൺ നമ്പറുകളിലും **9995966666** എന്ന വാട്ട്സ് ആപ്പ് നമ്പറിലൂടെയും വിവരം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് **1,600-ലധികം ഫോൺ കോളുകളും 1116 വാട്ട്സ്ആപ്പ് സന്ദേശങ്ങളും** ലഭിച്ചിട്ടുള്ളതും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഓപ്പറേഷൻ തൂഫാനിന്റെ ഭാഗമായി മയക്കുമരുന്ന് സംഘങ്ങളെ കണ്ടെത്തുന്നതിനുള്ള രഹസ്യാന്വേഷണം, അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധനകൾ, വ്യാപക റെയ്ഡുകൾ എന്നിവ ഉൾക്കൊള്ളുന്ന **Toofan Strike,** സമൂഹത്തിലും വിദ്യാഭ്യാസ

സ്ഥാപനങ്ങളിലുമുള്ള ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനായുള്ള **Toofan Warriors**, ലഹരിക്ക് അടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമിടുന്ന **Toofan Care** എന്നീ ഘടകങ്ങളും സമാന്തരമായി നടപ്പിലാക്കി വരുന്നു. നിയമനിർവഹണം,ബോധവൽക്കരണം, പുനരധിവാസം എന്നി മേഖലകളെ സമന്വയിപ്പിച്ച് കൊണ്ട് ലഹരിവിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുള്ള സമഗ്ര ഇടപെടലായാണ് ഓപ്പറേഷൻ തൂഫാൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

**(ബി)** കഴിഞ്ഞ ഒരു മാസത്തിനിടെ ലഹരി മരുന്ന് വിൽപന, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതികളുടെയും പിടിച്ചെടുത്ത മയക്കമരുന്നുകളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് **2,954 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **3,176 പേരെ** അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, **COTPA**, നിയമപ്രകാരം **1,421 കേസുകൾ** കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് 229.69 Kg കഞ്ചാവും, 1.680 Kg MDMA യും , 1.6499 g മെത്താംഫെറ്റമിനും, 464.605 g ഹാഷിഷ് ഓയിലും, 370.339 g ബ്രൗൺ ഷുഗറും, 22.51 g ഹെറോയിനും, 4.85 g ഹാഷിഷും, 25.23 gഓപ്പിയവും, 56 നൈട്രാസെപാം ഗുളികകളും, 11 LSD സ്റ്റാമ്പുകളും 154 കഞ്ചാവ് ചെടികളും പിടിച്ചെടുത്തിട്ടുണ്ട്

**(സി)** മയക്കമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന പ്രതികളുടെ അന്തർസംസ്ഥാന ബന്ധങ്ങളും സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്താൻ പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മയക്കമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന പ്രതികളുടെ അന്തർസംസ്ഥാന ബന്ധങ്ങളും സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്താൻ 2026 ജൂൺ ആദ്യവാരത്തോടെ ഈ സർക്കാർ ആരംഭിച്ച ഏറ്റവും വലിയ ആന്റി-നാർക്കോട്ടിക് പദ്ധതിയാണ് 'ഓപ്പറേഷൻ തൂഫാൻ'. മയക്കമരുന്ന് ഉറവിടങ്ങളെക്കുറിച്ചുള്ള രഹസ്യവിവര ശേഖരണവും വിശകലനവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ **T-Int (Toofan Intelligence)** എന്ന പ്രത്യേക സംവിധാനം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിലൂടെ മയക്കമരുന്ന് കടത്ത്, സംഭരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട ശൃംഖലകളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**